## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - സീനിയറായിട്ടുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർക്ക് ലേ സെക്രട്ടറി & ട്രഷറർ/സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു -

പരാമർശം:- 1) ഗസറ്റ് നോട്ടിഫിക്കേഷൻ നമ്പർ: ഇഎസ്2-26040/2024/ആ.വ.ഡ., തീയതി: 04/04/2025.

2) കുറിപ്പ് നമ്പർ: ആ.വ.ഡ./26040/2024-ഇസ്2, തീയതി: 08/04/2025.

3) ഉത്തരവ് നം. ഇസ്2-23995/2024/ആ.വ.ഡ., തീയതി: 06/12/2024.

**ഉത്തരവ് നം : ഇഡി3-3714/2025/ആ.വ.ഡ., തീയതി : 15-04-2025**

താഴെ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നതും പരാമർശം (1) പ്രകാരമുള്ള 2025 -ലെ മുൻഗണനാ പട്ടികയിൽ ക്രമ നമ്പർ 1 മുതൽ 4 വരെ ഉൾപ്പെട്ടിരിക്കുന്നതുമായ ജൂനിയർ സൂപ്രണ്ടുമാരെ 51,400 – 1,10,300 രൂപ ശമ്പള സ്കെയിലിൽ സ്ഥിര അടിസ്ഥാനത്തിൽ KS&SSR -ന്റെ ഭാഗം II -ൽ ചട്ടം 28(b)(i) പ്രകാരം ലേ സെക്രട്ടറി & ട്രഷറർ / സീനിയർ സൂപ്രണ്ട് ആയി ഉദ്യോഗക്കയറ്റം നൽകി ടി ജീവനക്കാരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം. | പരാമർശം(3) സീനിയോരിറ്റി ലിസ്റ്റ് പ്രകാരമുള്ള റാങ്ക് നം. | പേര്, പെൻ, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | ജനന തീയതി | നിയമിച്ചിരിക്കുന്ന സ്ഥാപനം |
|---|---|---|---|---|
| 1) | 10 | ശ്രീമതി.ഷീബ മാറോളി, 313545, ജില്ലാ ആശുപത്രി, | 14/07/1972 | ലേ സെക്രട്ടറി & ട്രഷറർ, ജില്ലാ ആശുപത്രി പെരുന്തൽമണ്ണ, മലപ്പുറം. |

| | | | | |
|---|---|---|---|---|
| | | കണ്ണൂർ. | | (വിരമിക്കൽ മുഖേന ഉണ്ടായ ഒഴിവ്) |
| 2) | 11 | ശ്രീ. ആർ. ശ്രീജിത്ത്, 316113, ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), പാലക്കാട്. | 03/01/1977 | ലേ സെക്രട്ടറി & ട്രഷറർ, താലൂക്ക് ആശുപത്രി കുന്നംകുളം, തൃശൂർ. (വിരമിക്കൽ മുഖേന ഉണ്ടായ ഒഴിവ്) |
| 3) | 12 | ശ്രീമതി. ഷീല എ, 193937, ജനറൽ ആശുപത്രി, തിരുവനന്തപുരം. | 16/10/1977 | ലേ സെക്രട്ടറി & ട്രഷറർ, ഗവ. മഹാരാജാസ് താലൂക്ക് ആശുപത്രി, കരുവേലിപ്പടി, എറണാകുളം. (വിരമിക്കൽ മുഖേന ഉണ്ടായ ഒഴിവ്) |
| 4) | 13 | ശ്രീ. റ്റി. സ്റ്റാൻലി ജോസ്, 185861, ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം. | 16/05/1975 | ലേ സെക്രട്ടറി & ട്രഷറർ, സർക്കാർ മാനസികാരോഗ്യ കേന്ദ്രം, തൃശൂർ. (വിരമിക്കൽ മുഖേന ഉണ്ടായ ഒഴിവ്) |

സ്ഥാനക്കയറ്റം നൽകിയ മേൽ ജീവനക്കാരെ പകരം ഉദ്യോഗസ്ഥർ ജോലിയ്ക്ക് ഹാജരാകുന്നത് കണക്കാക്കാതെ സ്ഥാപന മേധാവി അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതാണ്. 2025 പൊതുസ്ഥലംമാറ്റം

സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാലും, പൊതുസ്ഥലംമാറ്റത്തിന്റെ പരിധിയിൽ ഉൾപ്പെടാത്ത സീനിയറായിട്ടുള്ള ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റ അപേക്ഷകൾ മേൽ ഒഴിവുകളിലേയ്ക്ക് പരിഗണിച്ചിട്ടില്ലാത്തതിനാലും, പ്രസ്തുത സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കുന്ന മുറയ്ക്ക് ടി ഉത്തരവ് പുനഃപരിശോധിക്കുന്നതാണ്.

മേൽ ഉദ്യോഗസ്ഥർ സ്ഥാനക്കയറ്റ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ ഒരു വർഷ കാലയളവിനുള്ളിൽ ആറ് മാസത്തെ പ്രൊബേഷൻ കാലയളവ് തൃപ്തികരമായി പൂർത്തീകരിക്കേണ്ടതാണ്. ടി ഉദ്യോഗസ്ഥർ യഥാസമയം ആർ.റ്റി.സി. സമർപ്പിക്കേണ്ടതാണ്.

Signed by
Reena K J
Date: 15-04-2025 18:24:10

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്: മേൽ ഉദ്യോഗസ്ഥർ

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്.
3. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ / സ്ഥാപന മേധാവികൾ.
4. ഫയൽ /കരുതൽ ഫയൽ.